പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1737** **16-10-2026-ൽ മറുപടിയ്ക്ക്**

**വനിതാ ശിശു വികസന വകുപ്പ് രൂപീകരിച്ചതിനുശേഷം വനിതാ ശാക്തീകരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സുധാകരൻ

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ - വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** വനിതാ ശിശു വികസന വകുപ്പ് രൂപീകരിച്ചതു മുതൽ 2025-26 വരെ വനിതാ ശാക്തീകരണത്തിനായി പുതുതായി ആരംഭിച്ച പദ്ധതികൾ ഏതെല്ലാം; പദ്ധതി തിരിച്ചുള്ള ലക്ഷ്യവും അനുവദിച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കാമോ;

**മറുപടി:** (എ) പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.

**(ബി)** പ്രസ്തുത പദ്ധതികളിലൂടെ തൊഴിൽ, സ്വയംതൊഴിൽ, സംരംഭകത്വം, നൈപുണ്യ വികസനം, സാമ്പത്തിക സ്വാശ്രയത്വം എന്നിവ കൈവരിച്ച വനിതകളുടെ എണ്ണം ജില്ലതിരിച്ച് വ്യക്തമാക്കുമോ;

**മറുപടി:** (ബി)വനിതാ-ശിശു വികസന വകുപ്പിനു കീഴിൽ ASAP മുഖേന 30 പേർക്കും, ജെൻഡർ പാർക്ക് മുഖേന 75 പേർക്കും നൈപുണ്യ പരിശീലനം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളിലൂടെ തൊഴിൽ, സ്വയം തൊഴിൽ, സംരംഭകത്വം, നൈപുണ്യ വികസനം, സാമ്പത്തിക സ്വാശ്രയത്വം എന്നിവ കൈവരിച്ച വനിതകളുടെ എണ്ണം സംബന്ധിച്ചുള്ള ജില്ലാ തിരിച്ചുള്ള വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു.

**(സി)** പദ്ധതികളുടെ ഗുണഭോക്താക്കളുടെ എണ്ണം, പദ്ധതികളുടെ നേട്ടങ്ങൾ, ഫലപ്രാപ്തി എന്നിവ സംബന്ധിച്ച് വകുപ്പ് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

**മറുപടി:** (സി)ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു.

**(ഡി)** വനിതാ ശാക്തീകരണത്തിനായി നിലവിലുള്ള പദ്ധതികൾക്ക് പുറമേ പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

**മറുപടി:** (ഡി) ഉണ്ട്. സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1)"WOMN-Women on the Move & Menstrual Needs

സർക്കാരിന്റെ 100 ദിന പരിപാടിയുടെ ഭാഗമായി വനിതകൾക്ക് സാനിറ്ററി ഉൽപ്പന്നങ്ങൾ/ നാപ്കിനുകൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനും അതുവഴി അവരുടെ യാത്രകൾ കൂടുതൽ സുഗമമാക്കുന്നതിനും സഹായിക്കുന്നതിനായി സംസ്ഥാനത്തെ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങൾ, കെ.എസ്.ആർ.ടി.സി ടെർമിനലുകൾ/ഡിപ്പോകൾ മറ്റ് പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ സാനിറ്ററി വെൻഡിംഗ് മെഷീനുകളും, ഇൻസിനേറ്ററുകളും (incinerators) സ്ഥാപിക്കുന്ന ഒരു പദ്ധതി "WOMN-Women on the Move & Menstrual Needs" വനിതാ-ശിശു വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്നു. യാത്രാവേളകളിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കും കുറഞ്ഞ നിരക്കിൽ സാനിട്ടറി നാപ്കിനുകൾ ലഭ്യമാക്കുന്നതിനും, ഉപയോഗത്തിനു ശേഷം പരിസ്ഥിതി സൗഹൃദമായി സംസ്കരിക്കുന്നതിനും സഹായകമാവുന്നു. ടി പദ്ധതിയുടെ ആദ്യഘട്ടമായി സംസ്ഥാനത്തെ 14 കെ..എസ്.ആർ.റ്റി.സി ബസ് ടെർമിനലുകളിൽ സാനിറ്ററി വെൻഡിംഗ് മെഷീനുകളും, ഇൻസിനേറ്ററുകളും സ്ഥാപിച്ചിട്ടുണ്ട്.

2.<u>അവൾക്കൊപ്പം</u>

സർക്കാരിന്റെ 100 ദിന പരിപാടിയുടെ ഭാഗമായി സ്ത്രീകൾക്കെതിരെയുള്ള ഗാർഹിക കുറ്റകൃത്യങ്ങളും സ്ത്രീധന പീഡനങ്ങളും തടയുന്നതിനായി "അവൾക്കൊപ്പം" എന്ന പേരിൽ പുതിയ പദ്ധതി വകുപ്പ് മുഖേന ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടമായി സ്ത്രീധന-ഗാർഹിക പീഡന പരാതികളുടെ അന്വേഷണ പുരോഗതി കൃത്യമായി നിരീക്ഷിക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ടാസ്ക് ഫോഴ്സ് കമ്മിറ്റി രൂപീകരികകുന്നതിനായുള്ള സാധ്യത പരിശോധിച്ചു വരികയാണ്. Public Prosecutors, പോലീസ് ഉദ്യോഗസ്ഥർ, മെഡിക്കൽ ഓഫീസേഴ്സ് , ഡോക്ടർമാർ, നഴ്സിംഗ് സൂപ്രണ്ടുമാർ, ഫോറൻസിക് സയൻസ് ലബോറട്ടറി ഉദ്യോഗസ്ഥർ, DLSA Advocates, DWCDO മുതലായ വിദഗ്ധരെ ഉൾപ്പെടുത്തി " Bridging the Evidentiary Gap in Sexual Offences " എന്ന വിഷയത്തിൽ 3 ദിവസത്തെ Stake Holders Training and Workshop 2026 ഒക്ടോബർ 5, 6, 7 തീയതികളിൽ നടത്തിയിട്ടുണ്ട്.

3.<u>ക്രഷ് പോളിസി</u>

ക്രഷ് പോളിസി തയ്യാറാക്കുന്നതിനായുള്ള നടപടി സ്വീകരിച്ചു വരികയാണ്.

4.<u>ഇൻഡസ്ട്രിയൽ പാർക്ക്, ഐ ടി പാർക്ക്, ബാങ്ക് എന്നിവയുമായി ബന്ധപ്പെട്ട് മെറ്റേണിറ്റി ബെനഫിറ്റ് ആക്ട് ബാധകമാക്കൽ :-</u>

ഇൻഡസ്ട്രിയൽ പാർക്ക്, ഐ ടി പാർക്ക്, ബാങ്ക് എന്നിവയുമായി ബന്ധപ്പെട്ട് മെറ്റേണിറ്റി ബെനഫിറ്റ് ആക്ട് ബാധകമാക്കുന്നതിനായി വിവിധ സ്ഥാപന മേധാവികളുമായി ഇതിനോടകം ചർച്ച നടത്തിയിട്ടുണ്ട്.

വനിതാ ശാക്തികരണത്തിനായി നിലവിലുള്ള പദ്ധതികൾക്ക് പുറമേ വനിതാ വികസന കോർപ്പറേഷൻ പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വികരിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

<u>Comprehensive Geriatric Care Training Programme :</u>

വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണം, മാനസികക്ഷേമം എന്നിവ ഉറപ്പാക്കുന്നതിനും വയോജന പരിചരണ രംഗത്ത് പരിശീലനം ലഭിച്ച വ്യക്തികളെ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ടു കൊണ്ട് Comprehensive Geriatric Care Training Programme നടത്തി വരുന്നു.

കോർപ്പറേഷന്റെ കീഴിൽ വനിതാ സംരംഭകർ നിർമ്മിക്കുന്ന ഉല്പന്നങ്ങൾക്ക് വിപണി ലഭ്യമാക്കുന്നതിനും അവയുടെ വിപണന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനുമായി ഒരു E-Commerce Portal വികസിപ്പിച്ച് വരുന്നു.

സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന സൈബർ അതിക്രമങ്ങളിൽ നിന്നും, സാമ്പത്തിക കുറ്റകൃത്യങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്നതിനുള്ള പ്രത്യേക സൈബർ ബോധവൽക്കരണ പരിപാടികൾ, സംസ്ഥാനത്തിലുടനീളമുള്ള സ്ത്രീകളുടെ സംഘടനകൾ, NGO കൾ എന്നിവയെ ശാക്തീകരിക്കുന്നതിനായുള്ള പദ്ധതികൾ, ടൂറിസം മേഖലയിലുള്ള സ്ത്രീ തൊഴിലാളികളുടെ ശാക്തീകരണം ലക്ഷ്യമിട്ടുകൊണ്ട് വിവിധ അവബോധ പരിപാടികൾ എന്നിവ നടപ്പാക്കുന്നതിന് വനിതാ കമ്മീഷൻ മുഖേന നടപടികൾ സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം 1**

**I. വനിതാ ശിശു വികസന വകുപ്പ് രൂപീകരിച്ചതു മുതൽ 2025-26 വരെയുള്ള കാലയളവിൽ വനിതാ ശാക്തീകരണത്തിനായി വകുപ്പ് തലത്തിൽ പുതതായി ആരംഭിച്ച പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

**1.സ്ത്രീധന നിരോധന നിയമം 1961 :**

സ്ത്രീധന പീഡനങ്ങൾ കൂടുതൽ ഫലപ്രദമായി നിയന്ത്രിക്കുന്നതിന്, കേരള സ്ത്രീധന നിരോധന ചട്ടം 2004 ഭേദഗതി വരുത്തി. വനിതാ- ശിശു വികസന ഡയറക്ടറെ ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസറായും 14 ജില്ലകളിലേയും ജില്ലാ വനിതാ-ശിശു വികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായും നിയോഗിച്ചിട്ടുണ്ട്. സ്ത്രീധന നിരോധന നിയമം 1961 പ്രകാരമുള്ള പ്രവർത്തനങ്ങൾ ജില്ലകളിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ജില്ലാ സ്ത്രീധന നിരോധന ഓഫീസർ കൺവീനർ ആയും ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്ക് ആവശ്യമായ വിദഗ്ധോപദേശവും നിയമ സഹായവും നൽകുന്നതിനായി 5 അംഗങ്ങളെ ഉൾപ്പെടുത്തി ജില്ലാ അഡ്വൈസറി ബോർഡ് രൂപീകരിച്ചിട്ടുണ്ട്. സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കാൻ അംഗീകൃത ക്ഷേമ സ്ഥാപനങ്ങൾ /സംഘടനകളെ തെരഞ്ഞെടുത്തിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥതലത്തിലുള്ള സ്ത്രീധന സമ്പ്രദായം നിർത്തലാക്കുന്നതിനായി വിവാഹിതരാകുന്ന സർക്കാർ ജീവനക്കാരൻ സ്ത്രീധനം ആവശ്യപ്പെടുകയോ, വാങ്ങുകയോ, നൽകുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം ബന്ധപ്പെട്ട വകുപ്പ് മേധാവിയ്ക്ക് നൽകുന്നതിലേയ്ക്കായി declaration form ഉൾപ്പെടെ എല്ലാ വകുപ്പ് മേധാവികൾക്കും ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്ത്രീധനത്തിനെതിരെയുള്ള പരാതികൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള പോർട്ടൽ wcd.kerala.gov.in/dowry വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

സമീപ കാലങ്ങളിൽ വർധിച്ചു വരുന്ന സ്ത്രീധന /ഗാർഹിക പീഡനങ്ങൾ ഇവയെ തുടർന്നുണ്ടാകുന്ന മരണങ്ങൾ എന്നിവ തടയുന്നതിനായി വിവിധ ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും ഇവയ്ക്കെതിരെ വ്യാപക പ്രചാരണം നടത്തി വരുന്നു. വകുപ്പ് ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളെ കുറിച്ചുള്ള പോസ്റ്ററുകളും, ചെറു വിഡിയോകളും, സോഷ്യൽ മീഡിയ, റേഡിയോ, വിവിധ മാഗസിനുകൾ എന്നിവ മുഖാന്തിരം പ്രചരിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക് ലിംഗ അസമത്വം, ഗാർഹിക പീഡനങ്ങൾ എന്നിവയ്ക്കെതിരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി സംസ്ഥാനതലത്തിൽ പരിശീലനം ലഭിച്ച ജന്റർ റിസോഴ്സ് പെഴ്സൺ മുഖാന്തിരം Gender relations and Women Legislation എന്നീ വിഷയങ്ങളിൽ ഏകദിന ഓൺലൈൻ ട്രെയിനിംഗ് ലഭ്യമാക്കിയിട്ടുണ്ട്. പൊതു ജനങ്ങളിൽ Gender Awareness നടത്തി ലിംഗസമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗിക, സ്ത്രീധന പീഢനങ്ങളെപ്പറ്റിയും, ആയതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും ഓൺലൈൻ വഴി ബോധവൽക്കരണ ക്ലാസ്സ് നൽകിയിട്ടുണ്ട്. പൊതു സ്ഥലങ്ങളിൽ സ്ത്രീ ശാക്തീകരണ പോസ്റ്ററുകൾ പതിപ്പിക്കുന്നതിനും, സ്ത്രീധനത്തിനെതിരെ ബോധവൽക്കരണം നടത്തുവാൻ വിവാഹ മണ്ഡപങ്ങൾ, തദ്ദേശ സ്വയം ഭരണ

സ്ഥാപനങ്ങൾ, രജിസ്ട്രേഷൻ ഓഫീസുകൾ പോലീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ ബഹു. വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ സന്ദേശം ആലേഖനം ചെയ്ത കാർഡുകൾ വനിതാ -ശിശു വികസന വകുപ്പ് മുഖേന ലഭ്യമാക്കി, ആയത് ദമ്പതിമാർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ലിംഗസമത്വം യുവാക്കളിൽ നിന്ന് തുടങ്ങണമെന്ന ഉദ്ദേശത്തോടെ സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും പരിശീലനം ലഭിച്ച റിസോഴ്സ് പെഴ്സൺ മുഖാന്തിരം NCC, NSS, കോളേജ് യൂണിയൻ, യുവജന കമ്മീഷൻ എന്നിവരുടെ സഹകരണത്തോടെ Gender Awareness campaign സംഘടിപ്പിച്ചിട്ടുണ്ട്.

## 2. പോഷ് ആക്ട് 2013

തൊഴിലിടങ്ങളിലെ ലൈംഗിക അതിക്രമം (തടയൽ, നിരോധനം, പരിഹാരം) 2013 നിയമ പ്രകാരം എല്ലാ സർക്കാർ തൊഴിലിടങ്ങളിലും നിയമം അനുശാസിക്കും പ്രകാരം ഇന്റേണൽ കമ്മിറ്റികൾ രൂപീകരിക്കുകയും പോഷ് കംപ്ലയൻസ് പോർട്ടലിൽ അപ് ലോഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇത് കൂടാതെ സിനിമാ മേഖലയിൽ പോഷ് ആക്ട് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും പോഷ് ആക്ട് സംബന്ധിച്ച് സിനിമാ മേഖലയ്ക്ക് മാത്രമായി ട്രെയിനിംഗ് മൊഡ്യൂൾ തയ്യാറാക്കി ആദ്യ ഘട്ട പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ പോഷ് കംപ്ലയൻസ് പോർട്ടലിൽ സിനിമാ, ടെലിവിഷൻ, മാധ്യമ, നാടക മേഖലയിലെ ഐ.സി വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നതിന് പ്രത്യേകം ഡാഷ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. കേരളത്തിലെ ഐ.ടി പാർക്കുകളായ ടേക്നോപാർക്ക്, ഇൻഫോ പാർക്ക്, സൈബർപാർക്ക് എന്നിവിടങ്ങളിലെ ഐ.സി രൂപീകരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ആദ്യഘട്ടമായി ടെക്നോപർക്കിലെ ഐ.സി ചെയർപേഴ്സൺ മെമ്പർമാർക്ക് പോഷ് ആക്ട് സംബന്ധിച്ച പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ 14 ജില്ലകളിലേയും എൽ.സി ചെയർപേഴ്സൺ, മെമ്പർമാർക്ക് പോഷ് ആക്ട് സംബന്ധിച്ച് ഒരു ദിവസത്തെ പരിശീലനം നൽകി.

### പോഷ് കംപ്ലയൻസ് പോർട്ടൽ

2013 ലാണ് രാജ്യത്ത് തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷിതത്വം ഉറപ്പാക്കാൻ പോഷ് ആക്ട് നിലവിൽ വന്നത്. 2023 ജനുവരിയിലാണ് സംസ്ഥാന വനിതാ ശിശുവികസന വകുപ്പ് പോഷ് ആക്ട് പ്രകാരമുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി പോഷ് കംപ്ലയൻസ് പോർട്ടൽ ആരംഭിച്ചത്. ആ ഘട്ടത്തിൽ ആയിരത്തോളം സ്ഥാപനങ്ങളിൽ മാത്രമായിരുന്നു നിയമപ്രകാരം ഇന്റേണൽ കമ്മിറ്റികൾ ഉണ്ടായിരുന്നത്. 2024 സെപ്റ്റംബറിൽ വകുപ്പ് ജില്ലാടിസ്ഥാനത്തിൽ പോഷ് ആക്ട് 2013 നിയമ അവബോധ ക്യാമ്പയിൻ ആരംഭിച്ചു. ഇതിന്റെ ഫലമായി പോഷ് കംപ്ലയൻസ് പോർട്ടൽ രജിസ്ട്രേഷൻ ത്വരിതഗതിയിലാക്കാൻ സാധിച്ചിട്ടുണ്ട്. ഇപ്പോൾ പോഷ് കംപ്ലയന്റ്സ് പോർട്ടലിലൂടെ (http://posh.wcd.kerala.gov.in) 33849 സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തു. ഇതിൽ വിവിധ മേഖലകളിലെ 25162 സ്ഥാപനങ്ങളിൽ ഇന്റേണൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗികാതിക്രമം തടയുന്നതിനും എല്ലാ സ്ത്രീകൾക്കും സുരക്ഷിതത്വ ബോധത്തോടെ ജോലി ചെയ്യുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായാണ് പോഷ് കംപ്ലയന്റ്സ് പോർട്ടൽ സജ്ജമാക്കിയത്. സംസ്ഥാനത്ത് നിലവിലുള്ള എല്ലാ ഇന്റേണൽ കമ്മിറ്റികളുടേയും പ്രവർ

ത്തനങ്ങൾ കൃത്യമായി മോണിറ്റർ ചെയ്യുന്നതിനും ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനും സ്ത്രീകൾക്ക് ലഭ്യമാകേണ്ട നിയമ സംരക്ഷണവും നീതിയും ഇതിലൂടെ ഉറപ്പാക്കാനും സാധിക്കുന്നു.

തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുള്ള പോഷ് ആക്ട് (Sexual Harassment of Women at Work Place (Prevention, Prohibition and Redressal) Act, 2013 – POSH Act) പ്രകാരം പത്തോ അതിലധികമോ ജീവനക്കാരുള്ള എല്ലാ സർക്കാർ ഓഫീസുകളിലും ഇന്റേണൽ കമ്മിറ്റികൾ രൂപീകരിക്കുന്നതിനും ഇതോടൊപ്പം ഐടി പാർക്കുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയും ഇന്റേണൽ കമ്മിറ്റികളുള്ള സ്ഥാപനങ്ങളാക്കി മാറ്റാനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്.

**3. ഗാർഹിക അതിക്രമങ്ങളിൽ നിന്ന് സ്ത്രീകൾക്കുള്ള സംരക്ഷണ നിയമം 2005**

വനിതാ സംരക്ഷണ ഓഫീസർ:- ഗാർഹിക അതിക്രമങ്ങളിൽ നിന്ന് സ്ത്രീകൾക്കുള്ള സംരക്ഷണ നിയമം 2005 ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും വനിതാ സംരക്ഷണ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ഗാർഹിക പീഡനത്തിനിരയാകുന്ന വനിതകൾക്ക് കുട്ടികൾക്കും സൗജന്യ നിയമ സഹായം, വൈദ്യസഹായം, വൊക്കേഷണൽ ട്രെയിനിംഗ്, ഷെൽട്ടർ ഹോമുകളിലേയ്ക്കുള്ള റഫറൻസ്, പോലീസിന്റെ സഹായം, ഗാർഹിക പീഡന നിയമത്തെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ, കൗൺസിലിംഗ് എന്നിവ നൽകുന്നതിന് കേരളത്തിലെ 14 ജില്ലകളിലായി നിലവിൽ 77 സർവീസ് പ്രൊവൈഡിംഗ് സെൻററുകൾ പ്രവർത്തിച്ച് വരുന്നു. കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും സർവീസ് പ്രൊവൈഡിംഗ് സെൻററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**4. കാതോർത്ത് പദ്ധതി:**

വിവിധ പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് ഓൺലൈൻ കൺസൾട്ടേഷൻ നൽകുന്ന കാതോർത്ത് പദ്ധതി 2021 ഫെബ്രുവരി മുതൽ നടപ്പാക്കി വരുന്നു. ഈ പദ്ധതി പ്രകാരം Kathorthu.wcd.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന സ്ത്രീകൾക്ക് പരാതി സമർപ്പിക്കാവുന്നതാണ്. സ്ത്രീകളുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരം, കൗൺസിലിംഗ്, നിയമോപദേശം, പോലീസ് സഹായം എന്നിവ ഈ പദ്ധതിയിലൂടെ ലഭ്യമാക്കുന്നതാണ്. സ്ത്രീകൾക്ക് സ്വന്തം വീട്ടിൽ ഇരുന്ന് കൊണ്ട് പ്രശ്നപരിഹാരം തേടാം എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

**പ്രവർത്തനം**

ഈ പദ്ധതി പ്രകാരമുള്ള സേവനത്തിനായി kathorthu.wcd.kerala.gov.in എന്ന portal - ൽ രജിസ്റ്റർ ചെയ്യാവുന്നതും അപേക്ഷകൾ കൗൺസലിംഗ്, നിയമസഹായം, പോലീസ് സഹായം എന്നിവ അടിസ്ഥാനമാക്കി തരം തിരിച്ച് ബന്ധപ്പെട്ട കൺസൾട്ടന്റ്മാർക്ക് കൈമാറുകയും അവർ നൽകുന്ന സമയം (appointment) അപേക്ഷകയെ അറിയിക്കുകയും ആയതു പ്രകാരം ഓൺലൈൻ ആയി കൺസൾട്ടന്റ്മാരുടെ സേവനം അപേക്ഷകയ്ക്ക് യഥാസമയം ലഭ്യമാക്കുന്നതുമാണ്.

**സേവനം**

ഓൺലൈൻ കൺസൾട്ടേഷനു ലീഗൽ ആന്റ് സൈക്കോളജിക്കൽ കൗൺസിലേഴ്സ്, സൈക്കോളജിസ്റ്റ്, എന്നിവരുടെ സേവനം പോർട്ടൽ മുഖേന ലഭ്യമാക്കുന്നതാണ്. പോലീസ് സഹായം ആവശ്യമുള്ള പക്ഷം Women cell ന്റെ സേവനവും പോർട്ടൽ മുഖേന ലഭിയ്ക്കുന്നതാണ്.

ടി പദ്ധതി നടപ്പാക്കുന്ന സോഫ്റ്റ്‌വെയറിന്റെ സെക്യൂരിറ്റി ഓഡിറ്റ് നടപടികൾ പുരോഗമിച്ചു വരുന്നതിനാൽ 2025-26 സാമ്പത്തിക വർഷം മുതൽ ടി പദ്ധതി ടി പോർട്ടൽ മുഖേന നടപ്പാക്കുന്നില്ല.

**5.പൊൻവാക്ക് പദ്ധതി:**

പെൺകുട്ടികളുടെ വിദ്യാഭ്യാസ മേഖലയിൽ ഏറെ മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ സംസ്ഥാനത്ത് നിയമവിരുദ്ധമായി ശൈശവ വിവാഹം നടക്കുകയും ആയത് റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുകയും ചെയ്യുന്ന പ്രവണത കണ്ടു വരുന്നുണ്ട്. പൊതുജന പങ്കാളിത്തത്തോടുകൂടി മാത്രമേ ഈ സാമൂഹ്യ വിപത്ത് പൂർണ്ണമായി തടയാൻ സാധിക്കുകയുള്ളൂ. ആയതിനായി പൊൻവാക്ക് എന്ന പേരിൽ ശൈശവ വിവാഹം മുൻ കൂട്ടി അറിയിക്കുന്ന വ്യക്തിക്ക് പാരിതോഷികം നൽകുന്ന പദ്ധതി നടപ്പാക്കുന്നു. ശൈശവ വിവാഹം മുൻ കൂട്ടി അറിയിക്കുന്ന വ്യക്തിക്ക് 2500/- രൂപ ഈ പദ്ധതിയിലൂടെ പാരിതോഷികം നൽ കുന്നു.

**6.രക്ഷാദൂത്:**

ഗാർഹിക പീഡനത്തിൽ നിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമം 2005 ഫലപ്രദമായി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് തപാൽ വകുപ്പും വനിതാ ശിശു വികസന വകുപ്പും സഹകരിച്ചു ആരംഭിച്ച പദ്ധതിയാണ് രക്ഷാദൂത്. അതിക്രമത്തിനിരയായ വ്യക്തിയോ, അവരുടെ പ്രതിനിധിയോ പോസ്റ്റ് ഓഫീസിൽ എത്തി "തപാൽ "എന്ന കോഡ് പറയുകയും അവർക്ക് പോസ്റ്റ് മാസ്റ്റർ/മിസ്ട്രസിന്റെ സഹായത്തോടെകൂടി ഒരു സീൽ ചെയ്ത പേപ്പറിൽ പരാതി സ്വന്തം മേൽ വിലാസമെഴുതി ലെറ്റർ ബോക്സിൽ നിക്ഷേപിക്കാവുന്നതാണ്. അല്ലാത്തപക്ഷം പീഡനം അനുഭവിക്കുന്ന സ്ത്രീയോ/കുട്ടിയോ അവരുടെ അടുത്തുള്ള ലെറ്റർ ബോക്സിൽ സീൽ ചെയ്ത് വെള്ള പേപ്പറിൽ സ്വന്തം മേൽവിലാസമെഴുതി നിക്ഷേപിക്കാവുന്നതുമാണ് . ഈ പരാതികൾ പോസ്റ്റ് മാസ്റ്റർ സ്വീകരിച്ച് പീഡനം നേരിട്ട സ്ത്രീ/ കുട്ടിയുടെ പൂർണ്ണമായ മേൽവിലാസത്തോടെ വനിത ശിശു വികസന വകുപ്പിന്റെ ഇ-മെയിൽ/വാട്സ് ആപ്പ് sms helpline നിൽ കൈമാറുന്നതാണ് . ഈ പരാതികൾ വകുപ്പിലെ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**7.സാന്ത്വനം:**

രക്ഷിതാക്കളുടെ ഇടയിലുണ്ടാകുന്ന അസ്വാരസ്യങ്ങൾ കുട്ടികളിലുണ്ടാക്കുന്ന മാനസിക സംഘർഷങ്ങൾ മനസ്സിലാക്കി, അവരോടൊപ്പം നിന്ന് അവർക്കാവശ്യമായ മാനസ്സിക പിന്തുണ നൽകി അവർക്ക് കരുത്ത് പകരുവാൻ സംസ്ഥാനത്തെ 1012 സർക്കാർ സ്കൂളുകളിൽ വനിതാ- ശിശു വികസന വകുപ്പ് മുഖാന്തിരം നിയമിച്ചിട്ടുള്ള സ്കൂൾ കൗൺസിലർമാരെ വിദഗദ്ധ കൗൺസിലിംഗ് നൽകി പ്രാപ്തരാക്കുന്നതിലേക്കുള്ള പരിശീലന പദ്ധതിയായ സാന്ത്വനം പദ്ധതി പരിശീലന പരിപാടി നടപ്പിലാക്കി. ടി പദ്ധതിക്കായി 70,40,000/- രൂപ ആകെ വകയിരുത്തുകയും ആയത് ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്.

**8.പ്രീ-മാരിറ്റൽ/മാരിറ്റൽ കൗൺസിലിംഗ്**

സമൂഹത്തിൽ വർദ്ധിച്ചു വരുന്ന ഗാർഹിക അതിക്രമങ്ങളുടെ തോത് ഗണ്യമായി കുറയ്ക്കുന്നതിനും, ജെൻഡർ സെൻസിറ്റിവിറ്റി മെച്ചപ്പെടുത്തുന്നതിനും പ്രീ-മാരിറ്റൽ/മാരിറ്റൽ കൗൺസിലിംഗ് സഹായകരമാകുമെന്നതിനാൽ വനിതാ- ശിശു വികസന വകുപ്പിനു കീഴിലുള്ള പരിശീലനം ലഭിച്ച

കൗൺസിലർമാരുടെ നേതൃത്വത്തിൽ കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട 100 ബ്ലോക്കുകളിൽ ഗ്രൂപ്പ് കൗൺസിലിംഗ് നടത്തുകയുണ്ടായി.

**9.ജെൻഡർ കൗൺസിൽ:**

വിവിധ വകുപ്പുകളിലെ ജെൻഡർ പ്രവർത്തനങ്ങളെ സംബന്ധിച്ച് ആശയ വിനിമയം നടത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വനിതാ- ശിശുവികസന വകുപ്പിനു കീഴിൽ ജെൻഡർ കൌൺസിൽ രൂപീകരിച്ചിരുന്നു.

**10.ഷെൽട്ടർ ഹോമുകൾ :**

ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005 പ്രകാരം ഗാർഹിക പീഢനങ്ങൾക്കിരയാകുന്ന വനിതകൾക്ക് സൗജന്യ ഭക്ഷണം, സൗജന്യ താമസ സൗകര്യം, സൗജന്യ വസ്ത്രം, കൗൺസിലിംഗ്, സൗജന്യ നിയമ സഹായം, വൈദ്യ സഹായം, തൊഴിൽ അധിഷ്ഠിത പരിശീലനം, കുട്ടികളുടെ സംരക്ഷണത്തിനും പഠനത്തിനുമുള്ള സൗകര്യങ്ങൾ എന്നീ സേവനങ്ങൾ ഷെൽട്ടർ ഹോം മുഖേന നൽകുന്നു. ഗാർഹിക പീഢനത്തിന് ഇരയാകുന്ന സ്ത്രീകളേയും കുട്ടികളെയുമാണ് (പെൺകുട്ടികളേയും 12 വയസ്സിന് താഴെ പ്രായമുള്ള ആൺകുട്ടികളേയും) ഈ ഹോമുകളിൽ താൽക്കാലികമായി (പരമാവധി രണ്ട് വർഷം വരെ) താമസിപ്പിക്കുന്നത്. സംസ്ഥാനത്ത് നിലവിൽ 14 ഷെൽട്ടർ ഹോമുകൾ പ്രവർത്തിക്കുന്നു.

**11. എന്റെ കൂട്:**

നിരാംലംബരായ സ്ത്രീകൾക്കും കുട്ടികൾക്കും രാത്രികാലങ്ങളിൽ സുരക്ഷിതമായി താമസിക്കുവാൻ ഒരു രാത്രികാല അഭയകേന്ദ്രം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച "എന്റെ കൂട്" പദ്ധതി സംസ്ഥാനത്ത് കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ നടപ്പിലാക്കുന്നു. സ്ത്രീകൾ, പെൺകുട്ടികൾ, 12 വയസ്സിനു താഴെ പ്രായുമുള്ള ആൺകുട്ടികൾ എന്നിവർക്കാണ് പ്രവേശനം അനുവദിക്കുന്നത്. അശരണരായ വനിതകൾക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. (കുട്ടികൾക്ക് മാത്രമായി അഡ്മിഷൻ അനുവദിക്കുന്നതല്ല.) ടി സ്ഥാപനത്തിന്റെ പ്രവർത്തന സമയം വൈകുന്നേരം 6.30 മണി മുതൽ പിറ്റേന്ന് രാവിലെ 7.30 മണി വരെയാണ്. പ്രവേശനത്തിന് യാതൊരുവിധ ഫീസും അടയ്ക്കേണ്ടതില്ല. മറ്റു ജില്ലകളിലും എന്റെ കൂട് പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച് ജില്ലാതലത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

**12.വൺ ഡേ ഹോം (ഏകദിന വസതി):**

തലസ്ഥാന നഗരിയിൽ അടിയന്തിര ആവശ്യങ്ങൾക്കായി വിവിധ ജില്ലകളിൽ നിന്ന് തനിച്ച് എത്തുന്ന സ്ത്രീകൾക്ക് സുരക്ഷിത താമസ സൗകര്യം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഒരു ഏകദിന വസതി (One Day Home) എന്ന പദ്ധതി തിരുവനന്തപുരം തമ്പാനൂർ KSRTC ടെർമിനൽ സ്റ്റേഷനിൽ ഉള്ള കെട്ടിട സമുച്ചയത്തിലെ 8-ാം നിലയിൽ തിരുവനന്തപുരം നഗരസഭയുടെ സംയുക്ത പങ്കാളിത്തത്തോടെ 2020 മാർച്ച് 7-ാം തീയതി മുതൽ നടപ്പിലാക്കി വരുന്നു. ടി സ്ഥാപനത്തിൽ പ്രവേശനം എല്ലാ ദിവസവും 24 മണിക്കൂറും ലഭ്യമാണ് തിരുവനന്തപുരം തലസ്ഥാന നഗരിയിൽ അടിയന്തിര ആവശ്യങ്ങൾക്കായി എത്തുന്ന സ്ത്രീകൾ, പെൺകുട്ടികൾ, അമ്മമാരോടൊപ്പമുള്ള 12

വയസ്സുവരെയുള്ള ആൺകുട്ടികൾ എന്നിവർക്കാണ് പ്രവേശനം അനുവദിക്കുന്നത്. അശരണരായ വനിതകൾക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

വിവിധ പദ്ധതികളുടെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Name of Scheme | 2021-22 | | 2022-23 | | 2023-24 | | 2024-25 | | 2025-26 | |
|---|---|---|---|---|---|---|---|---|---|---|
| | Allotment | Expenditure | Allotment | Expenditure | Allotment | Expenditure | Allotment | Expenditure | Allotment | Expenditure |
| One day Home | 1673300 | 1620235 | 1931600 | 1385600 | 2187400 | 1587400 | 1732360 | 1538002 | 1631839 | 1265094 |
| Ente Kood | 2716600 | 17,50,000 | 4602636 | 3072654 | 3978320 | 2772000 | 4084680 | 3782000 | 3712380 | 3002085 |
| Women Empowerment Programmes | …… | …….. | 40,00,000 | 33,89,776 | 40,00,000 | 20,77,182 | 20,00,000 | 20,00,000 | 30,00,000 | 12,60,000 |
| Vanitharatna Puraskaram | ….. | …… | 400000 | 400000 | 600000 | 600000 | 750000 | 750000 | 750000 | 0 |

## 13.മംഗല്യ:

സാധുക്കളായ വിധവകൾ, നിയമപരമായി വിവാഹ മോചനം നേടിയ സ്ത്രീകൾ എന്നിവരുടെ പുനർ വിവാഹത്തിന് 25,000/- രൂപ ധനസഹായം നൽകുന്ന മംഗല്യ പദ്ധതി 2008 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. വിവാഹ ബന്ധം വേർപെടുത്തിയതു സംബന്ധിച്ച കോടതി ഉത്തരവിനോടൊപ്പം മഹല്ല് കമ്മിറ്റി നൽകുന്ന സർട്ടിഫിക്കറ്റും ടി പദ്ധതിയിലേക്ക് പരിഗണിക്കുന്നതിനായി 2008 ലെ ഉത്തരവ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വനിതാ -ശിശു വികസന വകുപ്പ് രൂപീകരിച്ചത് മുതൽ നാളിതുവരെ മംഗല്യ പദ്ധതി പ്രകാരം അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

Expenditure details for last 7 years

| Sl.No. | Year | അനുവദിച്ച തുക | ചെലവഴിച്ച തുക | No. of Beneficiaries |
|---|---|---|---|---|
| 1 | 2019-20 | 13 Crore | 7000000 | 280 |
| 2 | 2020-21 | 15,10,00,000/- | 5125000 | 205 |
| 3 | 2021-22 | 11 Crore | 5050000 | 202 |
| 4 | 2022-23 | 14 Crore | 3975000 | 159 |
| 5 | 2023-24 | 14 Crore | 4575000 | 183 |
| 6 | 2024-25 | 10 Crore | 5400000 | 216 |

| | | | | |
|---|---|---|---|---|
| 7 | 2025-26 | 14,50,00,000/- | 3150000 | 126 |

**14.അഭയകിരണം:**

അശരണരായ വിധവകൾക്ക് അഭയവും സംരക്ഷണവും നൽകുന്ന 'അഭയകിരണം' പദ്ധതി 2017-18 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. 2024-25 സാമ്പത്തി വർഷം വരെ സ്വന്തമായി താമസിക്കുന്നതിന് ചുറ്റുപാടില്ലാതെ ബന്ധുക്കളുടെ ആശ്രയത്തിൽ കഴിയുന്ന 50 വയസ്സിന്മേൽ പ്രായമുള്ള വിധവകളെ സംരക്ഷിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം സാധുക്കളായ വിധവകൾക്ക് അഭയ സ്ഥാനം നൽകുന്ന ബന്ധുവിന് പ്രതിമാസം 1000/- രൂപ അനുവദിച്ചിരുന്നു. എന്നാൽ 2025-26 വർഷം മുതൽ പ്രായഭേദമെന്യേ അശരണരായ സ്ത്രീകളെ സംരക്ഷിക്കുന്ന വ്യക്തിയെക്കൂടി അഭയകിരണം പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തി വിധവയെ സംരക്ഷിക്കുന്ന അപേക്ഷകർ ക്ഷേമ പെൻഷനുകളോ, വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കി വരുന്ന മറ്റ് ധനസഹായമോ ലഭിക്കുന്നവരായിരിക്കരുത് എന്ന പദ്ധതി മാനദണ്ഡം ഒഴിവാക്കി മാനദണ്ഡങ്ങൾ പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വനിതാ ശിശു വികസന വകുപ്പ് രൂപീകരിച്ചത് മുതൽ നാളിതുവരെ അഭയകിരണം പദ്ധതി പ്രകാരം അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| Sl.No. | Abhayakiranam | | | |
|---|---|---|---|---|
| | Year | അനുവദിച്ച തുക | ചെലവഴിച്ച തുക | No. of Beneficiaries |
| 1 | 2018-19 | 12 Crore | 6752000 | 716 |
| 1 | 2019-20 | 13 Crore | 5386000 | 731 |
| 2 | 2020-21 | 15,10,00,000/- | 4232000 | 828 |
| 3 | 2021-22 | 11 Crore | 5795000 | 739 |
| 4 | 2022-23 | 14 Crore | 4173000 | 542 |
| 5 | 2023-24 | 14 Crore | 5096000 | 620 |
| 6 | 2024-25 | 10 Crore | 5322000 | 576 |
| 7 | 2025-26 | 14,50,00,000/- | 4607000 | 439 |

**15.സഹായ ഹസ്തം:**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 55 വയസ്സിനു താഴെ പ്രായമുള്ള വിധവകളായ സ്ത്രീകൾക്ക് സ്വയം തൊഴിൽ ചെയ്ത് വരുമാനമാർഗ്ഗം കണ്ടെത്തുന്നതിന് ഒറ്റത്തവണ സഹായമായി 30,000/- രൂപ

അനുവദിക്കുന്ന **'സഹായഹസ്തം'** എന്ന പദ്ധതി 2018-19 വർഷം മുതൽ നടപ്പിലാക്കി വരുന്നു.ഒരു ജില്ലയിൽ 10 പേർക്കാണ് സഹായം അനുവദിക്കുന്നത്.വനിതാ ശിശു വികസന വകുപ്പ് രൂപീകരിച്ചത് മുതൽ നാളിതുവരെ സഹായഹസ്തം പദ്ധതി പ്രകാരം അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | Sahayahastham | | | |
|---|---|---|---|---|
| | Expenditure details for last 7 years | | | |
| Sl.No. | Year | അനുവദിച്ച തുക | ചെലവഴിച്ച തുക | No. of Beneficiaries |
| 1 | 2019-20 | 13 Crore | 3930000 | 131 |
| 2 | 2020-21 | 15,10,00,000/- | 0 | 0 |
| 3 | 2021-22 | 11 Crore | 7906245 | 265 |
| 4 | 2022-23 | 14 Crore | 4103950 | 137 |
| 5 | 2023-24 | 14 Crore | 750000 | 25 |
| 6 | 2024-25 | 10 Crore | 5160000 | 172 |
| 7 | 2025-26 | 14,50,00,000/- | 6657250 | 222 |

**16.പടവുകൾ:**

വിധവകളായ സ്ത്രീകളുടെ കുടുംബത്തിന്റെ ഭാവി സുരക്ഷിതമാക്കുന്നതിനായി അവരുടെ വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ- സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ്, മെസ് ഫീസ് എന്നിവയ്ക്ക് ധനസഹായം നൽകുക എന്ന ഉദ്ദേശ്യത്തോടെ 'പടവുകൾ' എന്ന ഉന്നത വിദ്യാഭ്യാസ ധനസഹായ പദ്ധതി 2018-19 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. 2023-24 വർഷം മുതൽ മാനദണ്ഡങ്ങൾ പരിഷ്കരിച്ച് 2025-26 വർഷം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നാളിതുവരെ പടവുകൾ പദ്ധതി പ്രകാരം അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | Padavukal | | | |
|---|---|---|---|---|
| | Expenditure details for last 7 years | | | |
| Sl.No. | Year | അനുവദിച്ച തുക | ചെലവഴിച്ച തുക | No. of Beneficiaries |
| 1 | 2019-20 | 40 lakh | 2502459 | 50 |
| 2 | 2020-21 | 40 Lakh | 1776295 | 23 |
| 3 | 2021-22 | 40 Lakh SDG - 2,21,09,000/- | 26095673 | 300 |
| 4 | 2022-23 | 44 Lakh | 4366126 | 36 |
| 5 | 2023-24 | 48,40,000/- | 4837364 | 44 |
| 6 | 2024-25 | 48,40,000/- (Re-appropriation 6,03,19,000/-) | 5160000 | 36 |
| 7 | 2025-26 | 48,40,000/- (Re-appropriation 5,54,91,000/-) | 60330792 | 520 |

**17.വിദ്യാധനം:**

ഈ പദ്ധതി പ്രകാരം BPL (മുൻഗണനാ വിഭാഗം) വിഭാഗത്തിൽപ്പെട്ട വനിതകൾ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങളിലെ സർക്കാർ/എയ്ഡഡ് സ്കൂളുകൾ/കോളേജുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ

ധനസഹായം നൽകി വരുന്നു. വിവാഹ മോചിതരായ സ്ത്രീകളുടെ കുട്ടികൾ, ഭർത്താവ് ഉപേക്ഷിച്ചുപോയ സ്ത്രീകളുടെ കുട്ടികൾ, ഭർത്താവിനെ കാണാതായി ഒരു വർഷം കഴിഞ്ഞ സ്ത്രീകളുടെ കുട്ടികൾ, ഭർത്താവിന് നട്ടെല്ലിന് ക്ഷതമേറ്റ്/പക്ഷാഘാതം കാരണം ജോലി ചെയ്യുവാനും കുടുംബം പുലർത്തുവാനും കഴിയാത്ത വിധം കിടപ്പിലായ കുടുംബങ്ങളിലെ സ്ത്രീകളുടെ മക്കൾ, നിയമപരമായ വിവാഹത്തിലൂടെയല്ലാതെ അമ്മമാരായ സ്ത്രീകളുടെ മക്കൾ എന്നിവർക്ക് വിദ്യാധനം പദ്ധതി പ്രകാരമുള്ള ധന സഹായത്തിന് അർഹതയുണ്ടായിരിക്കും. വനിതാ ശിശു വികസന വകുപ്പ് രൂപീകരിച്ചത് മുതൽ നാളിതുവരെ വിദ്യാധനം പദ്ധതി പ്രകാരം 12120 ഗുണഭോക്താക്കൾക്ക് പദ്ധതിയാനുകൂല്യം ലഭിച്ചുവരുന്നു.

സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായപദ്ധതി പ്രകാരം ധനസഹായമായി 30,000/- രൂപ (മുപ്പതിനായിരം രൂപ മാത്രം) വീതം സ.ഉ(അച്ചടി) നം. 339/2013/ധന തീയതി 12/07/2013 ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന അനുവദിച്ച് വരുന്നു. ടി വിവാഹ ധനസഹായ പദ്ധതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സുഗമമായി നടപ്പാക്കുന്നതിലേക്ക് CCO ആയി വനിതാ ശിശു വികസന ഡയറക്ടറെ നിയോഗിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ശിപാർശ ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചു നൽകിവരുന്നു.

| WIDOW'S DAUGHTER'S MARRIAGE ASSISTANCE | | | | | | |
|---|---|---|---|---|---|---|
| YEAR | Budget Outlay | | | Expenditure Amount | | |
| | Corporation | Municipality | Grama Panchayat | Corporation | Municipality | Grama Panchayat |
| | 2235-02-191-50(1) | 2235-02-192-50(1) | 2235-02-198-50(1) | 2235-02-191-50(1) | 2235-02-192-50(1) | 2235-02-198-50(1) |
| 2023-24 | 36382000 | 42399000 | 385843000 | 15960000 | 16980000 | 134930000 |
| 2024-25 | 40000000 | 50000000 | 200000000 | 8980000 | 16320000 | 110910000 |
| 2025-26 | 40000000 | 50000000 | 200000000 | 15751000 | 20890000 | 92670000 |

**18.കനൽ കർമ്മപദ്ധതി:**

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങളെ ചെറുക്കുന്നതിനും, ലിംഗ വിവേചനം അവസാനിപ്പിക്കുന്നതിനുമായി ജനങ്ങൾക്കിടയിൽ വ്യാപക ബോധവൽക്കരണം നടത്തുന്നതിന് വനിതാ ശിശു വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ബോധവൽക്കര ക്യമ്പയിൻ ആണ് കനൽ കർമ്മ പദ്ധതി. 2021 വർഷത്തിൽ Gender Relations, Gender Legislation എന്നീ വിഷയങ്ങളിൽ 1052 സെഷനുകളായി സംസ്ഥാനത്തെ 725 കോളേജുകളിലെ 129569 വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ ക്യാമ്പയിൻ നൽകിട്ടുണ്ട്. 2023-24 വർഷത്തിൽ കനൽ ഫെസ്റ്റ് സംഘടിപ്പിക്കുന്നതിലേയ്ക്കായി 50,00,000/- രൂപ അനുവദിച്ചിരുന്നു. 2021-22, 22-23 വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി 2023-24 വർഷത്തിൽ കനൽ കർമ്മ പദ്ധതി പ്രകാരം കോളേജ് വിദ്യാർത്ഥികൾക്ക് ലിംഗ നീതി സമത്വം, Gender Relations എന്നിവയെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നതോടൊപ്പം കൂടുതൽ

വിപുലമായി അരദിവസത്തെ കോളേജ് ഫെസ്റ്റ് ആയി കനൽ ക്യാമ്പയിൻ സംഘടിപ്പിച്ച് വരുന്നു. എല്ലാ ജില്ലകളിലേയും മിക്സഡ് കോളേജുകളിൽ NCC, NSS, കോളേജ് യൂണിയൻ, എന്നിവരുടെ സഹകരണത്തോടെയും, കോളേജ് അഡ്മിനിസ്ട്രേഷന്റെ സാന്നിധ്യത്തിലും പരിപാടികൾ സംഘടിപ്പിക്കുന്നു. സംസ്ഥാനത്തെ 500 മിക്സഡ് കോളേജുകളിൽ രണ്ട് ഘട്ടങ്ങളായാണ് കനൽ ഫെസ്റ്റ് സംഘടിപ്പിക്കുന്നത്. കനൽ ഫെസ്റ്റ് ഒന്നാം ഘട്ടം 2023 ജൂലൈ മാസം ആരംഭിച്ച് 2023 ഒക്ടോബർ മാസം അവസാനിപ്പിക്കുന്ന രീതിയിലും, രണ്ടാം ഘട്ടം 2023 നവംബർ മാസം ആരംഭിച്ച് 2024 ജനുവരി മാസത്തിൽ തന്നെ അവസാനിപ്പിക്കുന്ന രീതിയിലുമാണ് സംഘടിപ്പിച്ചിട്ടുള്ളത്. കനൽ ഫെസ്റ്റ് ഒന്നാം ഘട്ട ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിന് ഒരു കോളേജിന് 10,000/- രൂപ നിരക്കിൽ സംസ്ഥാനത്തെ 253 കോളേജുകൾക്കായി 25,30,000/-രൂപ 23/06/2023 ലെ DWCD/6481/2022-WEC2 ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്.

**19.സമം - ശ്രേഷ്ഠം:**

കേരള സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പ് (വി.എച്ച്.എസ്-ഇ വിഭാഗം) നാഷണൽ സർവീസ് സ്കീം ലിംഗഭേദ വിവേചനത്തിനും, സ്ത്രീധനത്തിനും സ്ത്രീ ചൂഷണങ്ങൾക്കുമെതിരെ പ്രചാരണ പ്രവർത്തനങ്ങളിലൂടെ കൗമാര വിദ്യാർത്ഥികളെ ഏകോപിപ്പിക്കാൻ 2021-22 അദ്ധ്യയന വർഷം മുതൽ സ്കൂൾ വിദ്യാർത്ഥികളെ ബോധവാൻമാരാക്കി അവരിലൂടെ സാമൂഹ്യ ക്ഷേമ സന്ദേശ പ്രചാരണങ്ങൾ സംഘടിപ്പിച്ച് മേൽ വിഷയങ്ങളിൽ ജനശ്രദ്ധ ക്ഷണിയ്ക്കുവാൻ വിദ്യാർത്ഥികളുടെ ഇടയിൽ സമജീവനം, തുല്യം, സമം ശ്രേഷ്ഠം സമംസാദരം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ടി സാമൂഹിക ദുരാചാരത്തിനെതിരെ കൗമാര വിദ്യാർത്ഥികളെ ബോധാവാന്മാരാക്കി അവരിലൂടെ പൊതു മാതൃകാ പ്രചരണങ്ങൾ സംഘടിപ്പിച്ച് ലിംഗഭേദ വിവേചനങ്ങൾക്കും സ്ത്രീധനത്തിനും സ്ത്രീ ചൂഷണങ്ങൾക്കുമെതിരെ ജന ശ്രദ്ധ ക്ഷണിയ്ക്കുകയാണ് സമം ശ്രേഷ്ഠം പദ്ധതിയുടെ ലക്ഷ്യം.

**20. IEC EXPENDITURE:**

| Sl. No | Name of Scheme | Year | Order Number and Date | Allotted Amount | Expenditure |
|---|---|---|---|---|---|
| 1 | IEC Activities | 2021-22 | സ.ഉ(സാ.ധാ) നം. 238/2022/വ.ശി.വി.വ 21/5/2022 | 15000000 | 4714445 |
| 2 | | 2022-23 | സ.ഉ(സാ.ധാ) നം. 238/2022/വ.ശി.വി.വ 21/5/2022 | 8185555 | 7490132 |
| | | | സ.ഉ (സാ.ധാ) നം. 414/2022/വ.ശി.വി.വ 13/09/2022 | 2000000 | 2861231 |
| 3 | | 2023-24 | G.O(Rt) 400/2023 01/07/2023 | 10442221 | 10315992 |
| | | | G O(Rt) NO.232/2023 03/05/2023 | 2000000 | 2097283 |

| | | | | | |
|---|---|---|---|---|---|
| 4 | | 2024-25 | G.O(Rt)298/2024/wcdd Dated 30/07/2024. | 2000000 (As per plan priority Rs.5907000/-) | 5907000 |
| 5 | | 2025-26 | G O(Rt) NO.222/2025/WCDD Dated, 28/05/2025 | 2000000 | 5036671 |

**21.ഇനി വേണം പ്രതികരണം ക്യാമ്പയിൻ:**

സംസ്ഥാനത്തെ സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ, വനിതാ-ശിശു വികസന വകുപ്പ് 2022-23 വർഷത്തിൽ ലിംഗ അസമത്വം, സ്ത്രീധനം, ഗാർഹിക പീഡനങ്ങൾ എന്നിവയ്ക്കെതിരെ വിവിധ ദൃശ്യ, ശ്രവ്യ, സാമൂഹിക മാധ്യമങ്ങളിലൂടെ സ്ത്രീ ശാക്തീകരണ ക്യാമ്പയിനുകൾ 'ഇനി വേണം പ്രതികരണം.'എന്ന പേരിൽ സംഘടിപ്പിച്ചു. ഇനി വേണ്ട വിട്ടു വീഴ്ച ക്യാമ്പയിൻറെ ഭാഗമായി 2019-20,2020-21 വർഷങ്ങളിൽ e-governance & Social Media അവാർഡ് വകുപ്പിന് ലഭിച്ചു

**22. ORANGE THE WORLD CAMPAIGN:**

പെൺകുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവർ നേരിടുന്ന ലിംഗ വിവേചനങ്ങൾക്കെതിരെയും ORANGE THE WORLD CAMPAIGN എന്ന പേരിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ പരിഹരിക്കുന്നതിനായി ജില്ലാതലത്തിൽ INTERNATIONAL DAY FOR THE ELIMINATION OF ALL KINDS OF VIOLENCE AGAINST WOMEN "ORANGE THE WORLD CAMPAIGN" ന്റെ ഭാഗമായി നവംബർ 25 മുതൽ ഡിസംബർ 10 വരെ ക്യാമ്പയിൻ സംഘടിപ്പിച്ചിരുന്നു.

**23. ASAP മുഖേന സ്ത്രീകൾക്കുള്ള സ്കിൽഡെവലപ്പ്മെന്റ് പ്രോജക്ട്:**

സ്ത്രീകൾക്കുള്ള സ്കിൽഡെവലപ്പ്മെന്റ് നൽകുന്ന പ്രോജക്ട് ASAP മുഖേന നടപ്പാക്കി വരുന്നു. ഈ കോഴ്സിന്റെ പൂർത്തീകരണം എന്നത് വിദ്യാർഥിനി ഐ ആർ എസ് നിഷ്കർഷിക്കുന്ന സ്പെഷ്യൽ എൻറോൾമെൻറ് പരീക്ഷയുടെ 3 പേപ്പറുകളും എഴുതി ഒരു എൻറോൾഡ് ഏജൻറ് ആവുക എന്നുള്ളതാണ് . അപ്രകാരം എൻറോൾഡ് ഏജന്റ് കോഴ്സിൽ പങ്കെടുത്ത 30 വിദ്യാർത്ഥികളും വിജയകരമായി പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. പ്ലേസ്മെന്റ് നടപടികൾ സ്വീകരിച്ചു വരുന്നു.

പ്രൊമെടിക് എന്ന സ്വകാര്യ അന്താരാഷ്ട്ര ഏജൻസിയാണ് US -IRS നു വേണ്ടി ഈ പരീക്ഷകൾ നടത്തുന്നത്. അടുത്ത മാസം 2 യു എസ് അക്കൗണ്ടിംഗ് കമ്പനികൾ അവരുടെ റിക്രൂട്ട്മെന്റ് നടത്തുന്നതിനായുള്ള അറിയിപ്പ് ലഭിച്ചിട്ടുണ്ട്. 2025 മേയ് മാസത്തോടെ പ്രോജക്ട് പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 39,41,755/- രൂപയാണ് ആകെ പ്രോജക്ട് തുക. ആയതിന്റെ 50% തുകയായ 19,70,878/-രൂപ ASAP ന് അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് ശേഷിക്കുന്ന തുക അനുവദിക്കുന്നതാണ്.

**24.ജൻഡർ പാർക്ക് മുഖേന സ്ത്രീകൾക്കുള്ള സ്കിൽഡെവലപ്പ്മെന്റ് പ്രോജക്ട്:**

ജൻഡർ പാർക്ക് മുഖേന സ്ത്രീകൾക്ക് സ്കിൽ ഡെവലപ്പ്മെന്റ് നൽകുന്ന പ്രോജക്ട് നടപ്പാക്കുന്നതിനായി 24,75,000/- രൂപയുടെ ഭരണാനുമതി ലഭിയ്ക്കുകയും, ടി സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും ആദ്യ ഗഡുവായി 12,37,500/- രൂപ ടി സ്ഥാപനത്തിനു അനുവദിയ്ക്കുകയും ചെയ്തിട്ടുണ്ട്. ആകെ 75 പേർക്കാണ് ടി പരിശീലനം നൽകുന്നത്. പരിശീലനം പുരോഗമിച്ചു വരുന്നു.

**25. Study on prevalence of post partum depression:**

സംസ്ഥാനത്ത് Post Partum Depression Prevalence Study നടത്തുന്നതിന് തിരുവനന്തപുരം Sri Chitra Tirunal Institute of Medical Science and Technology എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ആകെ പ്രോജക്ട് തുകയായ 42,00,000/- രൂപയുടെ 50% തുകയായ 21,00,000/- രൂപ Sri Chitra Tirunal Institute of Medical Science and Technology യ്ക്ക് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പഠനം പൂർത്തീകരിച്ചിട്ടുണ്ട്.

**26. Study on Early marriage:**

കേരള യൂണിവേഴ്സിറ്റി ഡെമോഗ്രഫി വിഭാഗം മുഖേന ശൈശവ വിവാഹം സംബന്ധിച്ച് പഠനം നടത്തുന്നതിന് 16,32,000/- രൂപയുടെ ഭരണാനുമതി ലഭിയ്ക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ കേരള യൂണിവേഴ്സിറ്റി രജിസ്ട്രാർക്ക് വർക്ക് ഓർഡർ നൽകി ഉത്തരവാകുകയും, ടി സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. 16,32,000/- രൂപയാണ് ആകെ പ്രോജക്ട് തുക. ആയതിൽ 9,79,200/-രൂപ ഇനി കേരള യൂണിവേഴ്സിറ്റിയ്ക്ക് നൽകാനുണ്ട്. ആയത് വിനിയോഗിക്കുന്നതിന് അനുമതിക്കായി സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. പഠനം പൂർത്തീകരിച്ചിട്ടുണ്ട്.

**27. Study on Decline in Sex Ratio,**

സംസ്ഥാനത്ത് കുട്ടികളിലെ ലിംഗാനുപാതത്തിലെ കുറവ് സംബന്ധിച്ച് പഠനം നടത്തുന്നതിന് കേരള യൂണിവെഴ്സിറ്റി ഡെമോഗ്രഫി വിഭാഗത്തെ ചുമതലപ്പെടുത്തി 26.03.2022 തീയതിയിൽ ഉത്തരവാകുകയും, വനിത ശിശു വികസന ഡയറക്ടറും കേരള യൂണിവെഴ്സിറ്റി രജിസ്ട്രാറുമായി 31.03.2022 തീയതിയിൽ കരാർ ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. 12,75,000/- രൂപയാണ് ആകെ പ്രോജക്ട് തുക. ആയതിൽ 2,55,000/- രൂപ ഇനി കേരള യൂണിവേഴ്സിറ്റിയ്ക്ക് നൽകാനുണ്ട്. പഠനം പൂർത്തീകരിച്ചിട്ടുണ്ട്.

**28.Situational Analysis of women in Kerala:**

Situational Analysis of women in Kerala എന്ന വിഷയം സംബന്ധിച്ച് പഠനം നടത്തുന്നതിന് കേരള യൂണിവെഴ്സിറ്റി രജിസ്ട്രാർക്ക് ചുമതല നൽകുകയും, ടി സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. 27,08,100/- രൂപയാണ് ആകെ പ്രോജക്ട് തുക.ടി മുഴുവൻ തുകയും അനുവദിച്ച് നൽകിയിട്ടുണ്ട്. പഠനം പൂർത്തീകരിച്ചിട്ടുണ്ട്.

**II. വനിതാ-ശിശു വികസന വകുപ്പ് രൂപീകരിച്ചതു മുതൽ 2025-26 വരെ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വനിതാ ശാക്തീകരണത്തിനായി പുതുതായി ആരംഭിച്ച പദ്ധതികൾ, പദ്ധതി തിരിച്ചുള്ള ലക്ഷ്യവും അനുവദിച്ച തുകയും, ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.**

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യങ്ങൾ | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | വനമിത്ര പദ്ധതി | ആദിവാസി മേഖലയിലെ പട്ടികവർഗ്ഗ വനിതകളുടെ നൈപുണ്യ വികസനം ഉറപ്പാക്കുക, സുസ്ഥിരമായ ഉപജീവന മാർഗ്ഗങ്ങൾ സൃഷ്ടിക്കുക, തൊഴിൽ ലഭ്യതയും സ്വയം തൊഴിൽ സാധ്യതകളും വർദ്ധിപ്പിച്ച് സാമ്പത്തിക സ്വയം പര്യാപ്തത കൈവരിക്കാൻ പ്രാപ്തരാക്കുക എന്നിവയാണ് വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന വന മിത്ര പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. കൂടാതെ ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ വിവിധങ്ങളായ പരിശീലന പരിപാടി കൾ ആവിഷ്ക്കരിച്ച് ആദിവാസി സമൂഹത്തിന്റെ സമഗ്ര വികസനവും ജീവിത നിലവാരം മെച്ചപ്പെടുത്തലും പദ്ധതി ലക്ഷ്യമിടുന്നു. | 86.55 | 86.55 |
| 2 | സേഫ് സ്റ്റേ പദ്ധതി | വനിതകളുടെ സാമൂഹിക, സാമ്പത്തിക ശാക്തീകരണത്തിന് അവരുടെ ചലനാത്മകത പ്രോത്സാഹിപ്പിക്കേണ്ടത് ആവശ്യമാണെന്നതിനാൽ വനിതകൾക്ക് യാത്രക്കിടെ തങ്ങുന്നതിന് സംസ്ഥാന വ്യാപകമായി സുരക്ഷിതമായ വൃത്തിയുള്ളതുമായ ഹ്രസ്വകാല താമസ സൗകര്യം ഒരുക്കുക എന്നത് പദ്ധതി ലക്ഷ്യം വയ്ക്കുന്നു. | 45.79 | 45.79 |
| 3 | വനിതാ മിത്ര കേന്ദ്രം വിമൻസ് ഹോസ്റ്റൽ | സംസ്ഥാനത്തെ 14 ജില്ലകളിലും ഹോസ്റ്റൽ സൗകര്യം, യാത്രയ്ക്കിടെ തങ്ങാൻ സൗകര്യത്തിന് ലോഡ്ജിംഗ് സൗകര്യം, ഹോസ്റ്റൽ അന്തേവാസികളായ സ്ത്രീകളുടെ കുഞ്ഞുങ്ങൾക്ക് ക്രെഷ് സൗകര്യം എന്നിവ സംയോജിപ്പിച്ചുകൊണ്ട് ഒരു | 249.42 | 249.42 |

| | | | | |
|---|---|---|---|---|
| | | കുടക്കീഴിലേയ്ക്ക് ഇത്തരം സംവിധാനങ്ങൾ അണിനിരത്തുന്ന പദ്ധതി. | | |
| 4 | ASEP- N നഴ്സുമാർക്കുള്ള തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതി | നഴ്സുമാരുടെ തൊഴിൽ നൈപുണ്യവും ക്ലിനിക്കൽ പരിജ്ഞാനവും മെച്ചപ്പെടുത്തി ദേശീയ അന്തർദേശീയ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. നിലവിൽ BLS/ACLS പരിശീലനത്തിന് ഊന്നൽ നൽകി സർട്ടിഫിക്കേഷൻ അടിസ്ഥാനത്തിലുള്ള ക്ലിനിക്കൽ നൈപുണ്യ വികസനം ഉറപ്പാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. | 92.24 | 92.24 |
| 5 | Introductory English Training Programme ( IETP) | നഴ്സിംഗ്/എയ്ഡഡ് കോളേജുകളിലെ അവസ്സാന വർഷ നഴ്സിംഗ് വിദ്യാർത്ഥികൾക്ക് ആംഗലേയ ഭാഷയിൽ പ്രാവീണ്യം നൽകുന്നതിന് ലക്ഷ്യമിടുന്നു. | 35 | 35 |
| 6 | ലീഡ് Learn Empower Achieve Develop) പദ്ധതി | സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ പോളിടെക്നിക്ക് കോളേജുകളിൽ പഠിക്കുന്ന അവസാന വർഷ വിദ്യാർത്ഥിനികൾക്ക് വേണ്ടിയുള്ള നൈപുണ്യ പരിശീലന പദ്ധതി. | 10 | 10 |
| 7 | പ്രോജക്ട് കൺസൾട്ടൻസി വിംഗ് | വനിതാ സംരംഭകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും സാങ്കേതിക സഹായങ്ങളും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള സഹായവും നൽകി സാരംഭങ്ങൾ ആരംഭിക്കുന്നതിനും വിജയകരമായി മുന്നോട്ട് കൊണ്ടുപോകുന്നതിനും പ്രാപ്തരാക്കുക വഴി അവരുടെ സ്വയം തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുക, സാമ്പത്തിക സ്വയം പര്യാപ്തത ഉറപ്പാക്കുക എന്നിവ പദ്ധതി ലക്ഷ്യമിടുന്നു. | 42.79 | 42.79 |
| 8 | ഫ്യൂച്ചർ വിമൻ ലീഡേഴ്സ് | വനിതകളുടെ നേതൃത്വ ഗുണങ്ങൾ ആത്മ വിശ്വാസം, ആശയ വിനിമയശേഷി, | | |

| | | | | |
|---|---|---|---|---|
| | ഗ്രൂമിംഗ് പ്രോഗ്രാം | തീരുമാനമെടുക്കാനുള്ള കഴിവ് എന്നിവ വികസിപ്പിച്ച് വിവിധ മേഖലകളിൽ ഉത്തരവാദിത്തമുള്ള നേതൃസ്ഥാനങ്ങൾ ഏറ്റെടുക്കാൻ വനിതകളെ പ്രാപ്തരാക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. | 23.50 | 23.50 |
| 9 | ആർത്തവ ശുചിത്വ പരിപാലന പദ്ധതി | പെൺകുട്ടികളിലെ ആർത്തവ ശുചിത്വത്തെ കുറിച്ച് അവബോധം സൃഷ്ടിക്കുക, സുരക്ഷിതമായ ആർത്തവ ശുചിത്വ രീതികൾ പ്രോത്സാഹിപ്പിക്കുക ആർത്തവുമായി ബന്ധപ്പെട്ട തെറ്റിദ്ധാരണകൾ ഒഴിവാക്കുക പോഷകാഹാരത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക എന്നീ ലക്ഷ്യങ്ങളോടു കൂടിയ പദ്ധതി. | 207.36 | 207.36 |

**III. വനിതാ-ശിശു വികസന വകുപ്പ് രൂപീകരിച്ചതു മുതൽ 2025-26 വരെ കേരള സംസ്ഥാന വനിതാ കമ്മീഷൻ മുഖേന വനിതാ ശാക്തീകരണത്തിനായി പുതുതായി ആരംഭിച്ച പദ്ധതികൾ, പദ്ധതി തിരിച്ചുള്ള ലക്ഷ്യവും അനുവദിച്ച തുകയും, ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.**

| പദ്ധതികൾ | ലക്ഷ്യം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| പബ്ലിക് ഹിയറിംഗ് - തുറന്ന പറച്ചിൽ | സ്ത്രീ ശാക്തീകരണം | 32,00,000 | 30,87,964 |
| തീരദേശ/പട്ടിക വർഗ്ഗ/തോട്ടം മേഖലാ ക്യാമ്പുകൾ | സ്ത്രീ ശാക്തീകരണം | 49,50,000 | 48,08,151 |
| ഫേസ് ടു ഫേസ്-മുഖാ മുഖം | സ്ത്രീ ശാക്തീകരണം | 24,50,000 | 23,77,874 |

Asa.T.Ravindran
സെക്ഷൻ ഓഫീസർ

**അനുബന്ധം 2**

വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളിലൂടെ തൊഴിൽ, സ്വയം തൊഴിൽ, സംരംഭകത്വം, നൈപുണ്യ വികസനം, സാമ്പത്തിക സ്വാശ്രയത്വം എന്നിവ കൈവരിച്ച വനിതകളുടെ എണ്ണം ജില്ലാ തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | ജില്ല |
|---|---|---|---|
| 1 | വനമിത്ര | 50 | കോഴിക്കോട് |
| 2 | ASEP – N | 405 | തിരുവനന്തപുരം – 143<br>കൊല്ലം – 40<br>പത്തനംതിട്ട – 33<br>കോട്ടയം – 27<br>ഇടുക്കി – 9<br>ആലപ്പുഴ – 24<br>എറണാകുളം –26<br>മലപ്പുറം – 11<br>തൃശ്ശൂർ – 20<br>കോഴിക്കോട് – 12<br>പാലക്കാട് – 17<br>കാസർഗോഡ് – 16<br>വയനാട് – 10<br>കണ്ണൂർ – 17 |
| 3 | IETP | 480 | തിരുവനന്തപുരം – (361)<br>കണ്ണൂർ (119) |
| 4 | LEAD | 77 | തിരുവനന്തപുരം |
| 5 | PCW | 26 | തിരുവനന്തപുരം (18)<br>എറണാകുളം (3)<br>കൊല്ലം (1)<br>തൃശ്ശൂർ (2)<br>കാസർഗോഡ് (1)<br>മലപ്പുറം (1) |

Asa. T. Panicker
സെക്ഷൻ ഓഫീസർ

## അനുബന്ധം 3

പദ്ധതികളുടെ ഗുണഭോക്താക്കളുടെ എണ്ണം, പദ്ധതികളുടെ നേട്ടങ്ങൾ, ഫലപ്രാപ്തി എന്നിവ സംബന്ധിച്ച് വകുപ്പ് വിലയിരുത്തൽ നടത്തിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | ഗുണ ഭോക്താക്കളുടെ എണ്ണം, നേട്ടങ്ങൾ & ഫലപ്രാപ്തി |
|---|---|---|
| 1 | കാതോർത്ത് | 3161 സ്ത്രീകളുടെ പ്രശ്നങ്ങൾ കേൾക്കാനും പരിഹാരം നിർദേശിക്കാനും സാധിച്ചു. |
| 2 | പൊൻവാക്ക് | 45 ശൈശവ വിവാഹം തടയാൻ സാധിച്ചു. |
| 3 | ASAP മുഖേന സ്ത്രീകൾക്കുള്ള സ്കിൽഡെവലപ്പ്മെന്റ് പ്രോജക്റ്റ്. | 30 സ്ത്രീകൾക്ക് നൈപുണ്യ പരിശീലനം നൽകി |
| 4 | ജൻഡർ പാർക്ക് മുഖേന സ്ത്രീകൾക്കുള്ള സ്കിൽ ഡെവലപ്പ്മെന്റ് പ്രോജക്റ്റ് | 75 സ്ത്രീകൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു. |
| 5 | Study on prevalence of post partum depression:- | **Major Findings of the Study:-**<br>The prevalence of screening positive for post-partum depression in the study was 9.6 percent (95 percent confidence intervals 8.7 – 10.6 percent).<br>Socioeconomic deprivation, gendered vulnerabilities, complicated pregnancy, delivery, or postpartum period, psychological aspects like high stress and low self-esteem were all predictors of higher proportion of post- partum depression.<br>There is a need for sound policies and programmatic instruments for addressing the problem of post-partum depression in Kerala.<br>Screening is simple and can be achieved by trained frontline health and allied workers like Anganwadi workers, but has to be supported by proper referral mechanisms for diagnosis and treatment as warranted.<br>Also, preventive steps need to be envisioned for better mental health promotion and protection of women during pregnancy and the post-partum period, and these need to consider the nuanced vulnerabilities of women due to the gendered roles and ties that impact their lives |
| 6 | Study on Early marriage | **Major Findings of the study:**<br>The study emphasises that early marriage in Kerala, while declining, remains a complex issue rooted in cultural, economic, and social structures. Interventions must be multi-pronged: strengthening |

| | | |
|---|---|---|
| | | legal enforcement, promoting girls' education, offering economic incentives to vulnerable families, and transforming societal norms through grassroots awareness.<br>Programmes must also be tailored to local realities, especially in high-prevalence districts and among tribal communities.<br>The evidence shows early marriage persists due to vulnerability rather than a lack of awareness.<br>Policies must therefore focus on reducing economic, educational, and social vulnerability while expanding life choices for girls and families.<br>Creating alternative life paths—through education, employment, and empowerment—is the key to breaking the cycle of early marriage.<br>Only then can Kerala, with its strong foundations, fully realise its commitment to gender equity and the rights of young women to make informed, independent choices about their futures. |
| 7 | Study on Decline in Sex Ratio | **<u>Major Findings of the study:-</u>**<br>The study reveals a balanced sex ratio at birth in the state, though there are regional variations in SRB across Kerala, with districts showing both higher and lower-than- average SRBs.<br>Variations in SRB by socio-demographic factors, such as education and religion also exist. The influence of prior child gender on the likelihood of subsequent child gender was evident, with a trend of repeated gender births becoming stronger with increasing birth order.<br>Despite legal regulations, nearly 10% of women still received prior information about the sex of their child, although this did not significantly alter the balanced sex distribution in subsequent birth |
| 8 | Situational Analysis of women in Kerala | **<u>Major Findings of the study:</u>**<br>The findings underscore the complex interplay of socioeconomic, cultural, and institutional factors shaping women's labour force participation and autonomy in Kerala.<br>While educational attainment among women is high, its translation into meaningful employment opportunities remains limited due to persistent underemployment, unemployment, and societal expectations. |

Systemic barriers such as family responsibilities, societal norms, and lack of flexible work arrangements significantly hinder women's workforce participation.

Career breaks, while often necessary, result in long-term challenges for re-entry, including lower salaries, job insecurity, and difficulties balancing professional and personal responsibilities. Rural areas report higher female workforce participation but also face unique challenges, such as limited access to stable employment.

Urban areas show greater gender disparities, particularly in temporary and informal employment sectors. Women demonstrate moderate autonomy in personal and economic decisions, with notable improvements among older age groups.

Family backing and word-of-mouth marketing are crucial enablers. Targeted interventions are needed to simplify loan access, improve awareness of government schemes, and enhance business mentorship

| | | |
|---|---|---|
| 9 | അഭയകിരണം | **5191** |
| 10 | മംഗല്യ | **1480** |
| 11 | വിദ്യാധനം | **12396** |
| 12 | സഹായഹസ്തം | **1092** |
| 13 | പടവുകൾ | **1063** |
| 14 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | **13725** |

Asa. T. Panicker
സെക്ഷൻ ഓഫീസർ